**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :625 — 10.03.2015 ൽ മറുപടിക്ക്

**പരമ്പരാഗത വ്യവസായങ്ങളുടെ പരിരക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പഠനം നടത്തിയിട്ടുള്ളത്; പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഉണ്ട്. പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി പഠനം നടത്തുവാൻ സർക്കാർ 25.09.2008 ലെ ജി.ഒ(ആർ.ടി)നം. 1112/08/വ്യവ പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. 2010 ൽ പ്രസ്തുതകമ്മിറ്റി പഠനറിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.<br><br>ഖാദിമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുവാൻ 09.08.2011 ലെസ.ഉ(സാധാ)നം.992/2011 പ്രകാരം ശ്രീ.പി.ഗോപിനാഥൻനായർ ചെയർമാനായി സമിതിയെ നിയോഗിച്ചിരുന്നു. 2012 ൽ സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.<br><br>പഠനറിപ്പോർട്ടുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (ബി) പരമ്പരാഗത കൈത്തറി വ്യവസായ ത്തിന്റെ പുനരുദ്ധാരണത്തിനും വികസന ത്തിനുമായി പഠനം നടത്തുവാൻ സർക്കാർ നിയോഗിച്ചിരുന്ന കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ കൈത്തറി മേഖലയിലെ ഹാന്റെക്സ്, ഹാൻവീവ്, പ്രൈമറി കൈത്തറിസംഘങ്ങൾ എന്നിവയുടെ കടബാധ്യതകൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക, കുടിശ്ശികയില്ലാതെ റിബേറ്റ് വിതരണം ചെയ്യുക, റിബേറ്റ് ദിനങ്ങളുടെ എണ്ണം 101 ആയി വർദ്ധിപ്പിക്കുക, കുറഞ്ഞ വരുമാനമുള്ള സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാന്റ് നൽകുക, പ്രാഥമിക കൈത്തറി സംഘങ്ങളെ ആഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കുക, സർക്കാർ ഓഹരി പങ്കാളിത്തത്തിന്റെ തോത് വർദ്ധിപ്പിക്കുക, സർക്കാർ വായ്പയ്ക്ക് പലിശ നിരക്ക് കുറയ്ക്കുക, ബാങ്ക് നൽകുന്ന പ്രവർത്തന മൂലധന വായ്പയ്ക്ക് ഈടാക്കുന്ന |

പലിശയ്ക്ക് സർക്കാർ സബ്സിഡി നൽകുക എന്നീ ശുപാർശകൾ സമർപ്പിച്ചിരുന്നു. കൈത്തറി മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ വിലകുറയ്ക്കുവാനും അവയുടെ ദൗർലഭ്യം പരിഹരിക്കുവാനും കൈത്തറി ഉൽപാദന ക്ഷമത വർദ്ധിപ്പിക്കവാനും നടപടി സ്വീകരിക്കുവാൻ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും ആകർഷ ണത്വം വർദ്ധിപ്പിക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കമ്മിറ്റി ചില നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിരുന്നു. കൈത്തറി മേഖലയിൽ സർക്കാർ ധനസഹായം കൈത്തറി സഹകരണ സംഘങ്ങൾ വഴി നൽകണമെന്നും കൈത്തറി മേഖലയുടെ വളർച്ചക്കായി ഒരു വകുപ്പ് രൂപീകരിക്കണമെന്നും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ ശക്തമായ നടപടി എടുക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്തിരുന്നു.

ഖാദിമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയ ശ്രീ.പി.ഗോപിനാഥൻ കമ്മിറ്റി റിപ്പയർ ചെയ്യാവുന്ന മുഴുവൻ തൊഴിലുപകരണങ്ങളും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുവാനും അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനായി വൈദ്യുതിയോ മറ്റ് ഊർജ്ജ സ്രോതസ്സുകളോ ഉപയോഗപ്പെടുത്തു വാനും വൈദ്യുതിയുടെ പൂർണ്ണസഹായ ത്തോടെ പ്രവർത്തിക്കുന്നതും എട്ട് മണിക്കൂർ കൊണ്ട് 100-120 കഴിനൂൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നതുമായ പുതിയ ചർക്കയുണ്ടാക്കി പരീക്ഷണാർത്ഥം ഓരോ ജില്ലയിലും 50 ചർക്കയുടെ ഒരു യൂണിറ്റ് എന്ന തോതിൽ പ്രവർത്തിപ്പിക്കുവാനും ഇവയുടെ പ്രവർത്തനം വിലയിരുത്തി കാര്യക്ഷമമെന്ന് കണ്ടാൽ വിപുലമായ തോതിൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നിലവിലുള്ള നിർവ്വചനത്തിനും നിയമത്തിനും ആവശ്യമായ ഭേദഗതികൾ വരുത്തുവാനും നെയ്ത്തുകാർക്ക് റെഡിമെയ്ഡ് പാവ് നൽകുന്നതിനായി 200 മിനി റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുവാനും ഉൽപ്പാദന ക്ഷമത കൂടിയ 3700 സെമി ആട്ടോമാറ്റിക് തറികൾ കൂടി സ്ഥാപിക്കുവാനും വിൽപ്പനശാലകൾ ആകർഷകമാക്കുവാനും പ്രധാനമായും ശുപാർശ ചെയ്തിരുന്നു.

(സി) പരമ്പരാഗത വ്യവസായങ്ങളെ കരകയറ്റുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പ്രസ്തുത നടപടിയുടെ ഫലമായി ഈ മേഖലയിലുണ്ടായ ഭൗതികനേട്ടങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ?

(സി) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കൈത്തറിവ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ , റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി വരുന്നു. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകിവരുന്നു. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തുവരുന്നു. ഈ നടപടികളുടെ ഫലമായി കൈത്തറിമേഖലയിൽ ഉൽപാദനക്ഷമത വർദ്ധിക്കുകയും ഉൽപാദനം വർദ്ധിക്കുകയും ഉൽപ്പന്നങ്ങൾക്കുള്ള ഡിമാന്റ് വർദ്ധിക്കുകയും വിപണി വളരെയധികം വർദ്ധിപ്പിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നു.

പ്രസ്തുത തുകവിനിയോഗിച്ച് കശുവണ്ടി ഫാക്ടറികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനുള്ള നടപടികളും പ്രസ്തുത സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നു.

പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ഇൻസെന്റീവ് വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. കയർപിരി, ഡീഫൈബറിങ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർമേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ സ്ഥാപിക്കുവാനും ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡു വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദിമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദിതുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റും ഉത്സവകാലങ്ങളിൽ 10% അധികറിബേറ്റും നൽകിവരുന്നു. ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് നൽകിയും അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടിസ്വീകരിച്ചും വരുന്നു. ഖാദിമേഖലയുടെ വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മിഷന്റെ സഹായത്തോടുകൂടി ഖാദി വസ്തുങ്ങളുടെ

ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത നടപടികളുടെ ഫലമായി സംസ്ഥാനത്ത് 12ാം പദ്ധതി പൂർത്തിയാകുമ്പോൾ ഖാദി തൊഴിലാളികളുടെ എണ്ണം 11,000 ൽ നിന്നും 16,000 ആയി വർദ്ധിക്കുവാനും ഇവർക്ക് 150 രൂപ മുതൽ 200 രൂപ വരെ വേതനം നൽകുവാനും ഖാദിയുടെ ഉൽപാദനം 120 കോടിയായി വർദ്ധിപ്പിക്കുവാനും സാധിക്കുന്നതാണ്.

കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, കെൽപാം എന്നിവയ്ക്കും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യവികസനം, ഉൽപ്പന്നങ്ങളുടെ മാർക്കെറ്റിങ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കരകൗശലമേഖലയിലെ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കരകൗശലഉൽപ്പന്നങ്ങൾ കേരള കരകൗശല വികസന കോർപറേഷൻ ന്യായവില നൽകി ശേഖരിച്ച് വിപണനം നടത്തിവരുന്നു. കരകൗശല തൊഴിലാളികൾക്ക് കുടിശ്ശിക തീർക്കുന്നതിനു വേണ്ടിയുള്ള സാമ്പത്തിക സഹായവും തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോർപ്പറേഷന്റെ പരിധി യിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബൂ കോർപറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാ ളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തി യിട്ടുണ്ട്. മേൽ നടപടികളിലൂടെ കരകൗശല തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം, തൊഴിലുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ

വികസനത്തിനുള്ള സാമ്പത്തിക സഹായം, നിശ്ചിത വരുമാനം, തൊഴിലധിഷ്ഠിത വൈദഗ്ധ്യം വർദ്ധിപ്പിക്കൽ എന്നിവ ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**